# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2458** **12.03.2020 ലെ മറുപടി**

## നിലമ്പൂരിലെ ഇറിഗേഷൻ വകുപ്പ് ഓഫീസുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.വി.അൻവർ** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പമന്ത്രി)** |
| (എ) നിലമ്പൂർ മൈനർ ഇറിഗേഷൻ കോമ്പൗണ്ടിന് ചേർന്നുള്ള കുളം ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണോ എന്നറിയിക്കാമോ; ആണെങ്കിൽ പ്രസ്തുത കുളം നിലനിൽക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും കൈവശരേഖയും ലൊക്കേഷൻ സ്കെച്ചിന്റെ പകർപ്പും ലഭ്യമാക്കാമോ; | (എ) നിലമ്പൂർ മൈനർ ഇറിഗേഷൻ കോമ്പൗണ്ടിന് ചേർന്നുള്ള കുളം ജലസേചന വകുപ്പിന്റെ കൈവശമാണ് നിലവിലുള്ളത്. ഈ കുളത്തിൽ നിന്നും കൃഷി ആവശ്യത്തിന് വെള്ളം കർഷകർക്ക് നൽകുന്നതിന് ജലസേചനവകുപ്പ് ഒരുക്കിയ സംവിധാനം നില നിൽക്കുകയാണ്. പ്രസ്തുത കളം നില നിൽക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 0.2800 ഹെക്ടർ ആണ്. ലൊക്കേഷൻ സ്കെച്ചിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇറിഗേഷൻ വകുപ്പ് ഓഫീസുകൾ പ്രവർത്തിക്കുന്ന കോമ്പൗണ്ടിന്റെ വിസ്തീർണ്ണം എത്രയെന്നും അതിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണമടക്കമുള്ള വിവരങ്ങളും (ക്വാർട്ടേഴ്സുകൾ ഉൾപ്പെടെ) അറിയിക്കാമോ; | (ബി) ഇറിഗേഷൻ വകുപ്പ് ഓഫീസുകൾ പ്രവർത്തിക്കുന്ന കോമ്പൗണ്ടിന്റെ ആകെ വിസ്തീർണ്ണം 1.065 ഹെക്ടറാണ്(2.63 ഏക്കർ) |

കെട്ടിടങ്ങളുടെ വിവരങ്ങൾ

| | | |
|---|---|---|
| 1 മൈനർ ഇറിഗേഷൻ സെക്ഷൻ നിലമ്പൂർ ഓഫീസ് | - | 64.22 ച.മീ |
| 2 ചാലിയാർ പ്രോജക്ട് ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ നം. 1 | - | 184.44 ച.മീ |
| 3 വർക്കേഴ്സ് ക്വാർട്ടേഴ്സ് | - | 51.68 ച.മീ. |
| 4 ഓവർസിയർ ക്വാർട്ടേഴ്സ് | - | 74.53 ച.മീ |
| 5 അസിസ്റ്റന്റ് എഞ്ചിനീയേഴ്സ് ക്വാർട്ടേഴ്സ് ആർ.സി.സി. - 94.46 എ.സി.ഷീറ്റ് | - | 20.59 ച.മീ |
| 6 സ്റ്റോർ - എ.സി.ഷീറ്റ് | - | 66.26 ച.മീ |
| 7 ഹൈഡ്രോളജി ഓഫീസ് | - | 78.69 ച.മീ |
| 8 ഹൈഡ്രോളജി ക്വാർട്ടേഴ്സ് | - | 18.11 ച.മീ. |
| ആകെ | - | 648.98 ച.മീ |

| | |
|---|---|
| (സി) മേൽ സ്ഥലം ഇറിഗേഷൻ വകുപ്പിന് ആരിൽ നിന്നും ഏതുവർഷമാണ് ലഭിച്ചതെന്നും ആയതിന്റെ രേഖകളുടെ പകർപ്പുകളും ലഭ്യമാക്കാമോ; | (സി) നിലമ്പൂർ കോവിലകത്തിന്റെ അവകാശത്തിലുണ്ടായിരുന്ന ഈ സ്ഥലം 1967-68 കാലഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടിയതായിട്ടാണ് അറിയാൻ കഴിഞ്ഞത്. തുടർന്ന് 1990 ൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ജലസേചനവകുപ്പ് രൂപം കൊണ്ടപ്പോൾ പ്രസ്തുത സ്ഥലം ജലസേചനവകുപ്പിന്റെ അധീനതയിലായി. സ്ഥലത്തിന്റെ രേഖകളൊന്നും തന്നെ പൊതുമരാമത്ത് വകുപ്പിൽ നിന്നും ജലസേചനവകുപ്പിന് കൈമാറി ലഭിച്ചതായി കാണുന്നില്ല. |

| | | | |
|---|---|---|---|
| (ഡി) | നിർദ്ദിഷ്ട നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ ഇറിഗേഷൻ വകുപ്പ് ഓഫീസുകൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ടോ; നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ ഇറിഗേഷൻ വകുപ്പ് ഓഫീസുകൾക്ക് സ്ഥലം വേണമെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | നിർദ്ദിഷ്ട നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ ഇറിഗേഷൻ വകുപ്പ് ഓഫീസുകൾക്ക് സ്ഥലം അനുവദിച്ചുകൊണ്ടുള്ള അറിയിപ്പുകളൊന്നും തന്നെ ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം




Scanned with CamScanner

സെക്ഷൻ ഓഫീസർ